കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കിളിമാനൂർ ഗ്രാമപഞ്ചായത്ത് -"Project No. 12/19 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ"- 4,9,0000/- രൂപയുടെ ഭേദഗതി ചെയ്ത പദ്ധതി പഴയ ടെൻഡർ പ്രകാരം പൂർത്തീകരിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം. 1487/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 16.07.2019.

---

പരാമർശം : 1) കിളിമാനൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.11.2018 ലെ യോഗ തീരുമാനം

2) തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 07.06.2019 ലെ ഡിബി3-753/2012/സി ഇ/ തസ്വഭവ നമ്പർ കത്ത്.

3) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019 ലെ 4.43 നമ്പർ യോഗതീരുമാനം

ഉത്തരവ്

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന പ്രോജെക്റ്റിന് 2018-19 ആദ്യം 3,00,000 /- രൂപ വകയിരുത്തി പ്രോജെക്ട് തയ്യാറാക്കുകയും ടെണ്ടർ നടപടി പൂർത്തിയാക്കി നിർവ്വഹണം ആരംഭിക്കുകയും ചെയ്തു. ഈ തുക പര്യാപ്തമല്ലാതെ വന്നതിനാൽ പ്രൊജക്ട് ഭേദഗതി ചെയ്ത് അടങ്കൽ 4.90 ലക്ഷം രൂപയാക്കി. എന്നാൽ പുതിയതായി ടെണ്ടർ ചെയ്യാതെ ഈ തുകയുടെ പ്രവർത്തി പഴയ ടെണ്ടർ എടുത്ത ആളെ കൊണ്ട് പൂർത്തിയാക്കി. ഇതിന് സാധൂകരണം നൽകി തുക നല്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന പ്രൊജക്ട് ഭേദഗതി ചെയ്ത് അടങ്കൽ 4.90 ലക്ഷം രൂപയാക്കി പുതിയതായി ടെണ്ടർ ചെയ്യാതെ ഈ തുകയുടെ പ്രവർത്തി പഴയ ടെണ്ടർ എടുത്ത ആളെ കൊണ്ട് പൂർത്തിയാക്കിയ നടപടി സാധൂകരിച്ച് തുക നല്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, കിളിമാനൂർ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ചെയർമാൻ, സംസ്ഥാനറിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ